# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ |  |
| --- | --- |
| DECEMBER **08** | **2019** |



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

# തീര്ഥാടന പാതകളില് 24 മണിക്കൂര് നിരീക്ഷണവുമായി എലിഫെന്റ് സ്കാഡ്

## ഒരു കാരണവശാലും വന്യമൃഗങ്ങള്ക്ക് ഭക്ഷണം നല്കരുതെന്ന് വനം വകുപ്പ്

ശബരിമല സന്നിധാനത്തേക്കുള്ള തീര്ഥാടകരുടെ യാത്ര സുഗമമാക്കാന്, ആനകളെ കാണാനിടയുള്ള വനപാതകളിലും റോഡുകളിലും എലിഫെന്റ് സ്കാഡിന്റെ 24 മണിക്കൂര് നിരീക്ഷണം ശക്തമാക്കി വനംവകുപ്പ്. ആനക്കൂട്ടങ്ങളെ കാണാനിടയുള്ള പുല്ലുമേട്, എരുമേലി കാനനപാതകളിലൂടെ വരുന്ന തീര്ഥാടകര് വനപാലകരുടെ നിര്ദേശങ്ങള് പൂര്ണ്ണമായി അനുസരിച്ച് മാത്രമേ യാത്ര ചെയ്യാവൂ എന്ന് വനം വകുപ്പ് പ്രത്യേകം ഓര്മ്മിപ്പിക്കുന്നു. വനംവകുപ്പ് നിര്ദേശങ്ങള് അവഗണിച്ച് സാഹസികത കാണിക്കുന്നത് അപകടം ക്ഷണിച്ചുവരുത്താനിടയുണ്ട്.

വനപാതകളിലൂടെ സഞ്ചരിക്കുന്നവരും പമ്പയില്നിന്ന് മല കയറി വരുന്നവരും വന്യമൃഗങ്ങള്ക്ക് ഭക്ഷണം നല്കാന് ഒരു കാരണവശാലും ശ്രമിക്കരുത്. ഇത് അപകടം വിളിച്ചുവരുത്തും. മാത്രമല്ല, ഭക്ഷണാവശിഷ്ടങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും പൂങ്കാവനത്തിന്റെ വിശുദ്ധിയെ മലിനീകരിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങള് വന്യമൃഗങ്ങള് തിന്ന് ജീവാപായം സംഭവിച്ചതായി റിപ്പോര്ട്ട് ചെയ്തിട്ടുണ്ട്. ചത്ത മൃഗങ്ങളെ പോസ്റ്റ്മോര്ട്ടം ചെയ്തപ്പോള് കിട്ടിയത് പ്ലാസ്റ്റിക് മാലിന്യങ്ങളായിരുന്നു. വന്യമൃഗങ്ങളോട് കൗതുകത്തിന് കാട്ടുന്ന

സ്നേഹപ്രകടനം അന്തിമമായി അവയുടെ ജീവനെടുക്കുകയാണെന്നാണ് വനം വകുപ്പിന്റെ ഓര്മ്മപ്പെടുത്തല്.

കരിങ്കുരങ്ങുകളെയും മലയണ്ണാനേയും കാണുന്ന മരക്കൂട്ടത്ത് മൊബൈല് ഫോണില് സെല്ഫി എടുക്കുന്നതും അപകടകരമാണ്. കീഴ്ക്കാംതൂക്കായ മലനിരകളായതിനാല് മരക്കൊമ്പുകളില് തട്ടി താഴേക്ക് വീണ് അപകടം സംഭവിക്കാനിടയുണ്ട്. കൂട്ടംകൂടി നിന്ന് വന്യമൃഗങ്ങള്ക്ക് ഭക്ഷണം നല്കുന്നതും സെല്ഫി എടുക്കുന്നതും തടയാന് വനം വകുപ്പ് സ്വാമി അയ്യപ്പന് റോഡില് വിവിധ പോയിന്റുകളില് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ഇതിനെതിരെ ബോധവത്കരണവും നടത്തുന്നു.

പുല്ലുമേട് പാതയിലൂടെ തീര്ഥാടകര് വലിയ തോതില് എത്തുന്നുണ്ട്. ഡിസംബര് ഏഴിന് മാത്രം 1900 പേര് ഈ വഴിയെത്തി. എന്നാല് ഇതുവഴി മടങ്ങുന്നവര് കുറവാണ്. 39 പേര് മാത്രമാണ് ഡിസംബര് ഏഴിന് ഇതുവഴി തിരിച്ചുപോയത്. ചെക്ക് പോയിന്റുകളില് കണക്കെടുത്താണ് തീര്ഥാടകരെ സന്നിധാനത്തേക്ക് കടത്തിവിടുന്നത്. ആനയിറങ്ങിയതായി വിവരം ലഭിച്ചാല് അവയുടെ ഭീഷണി നീങ്ങിയ ശേഷം മാത്രമേ തീര്ഥാടകരെ കടത്തിവിടൂ. പുല്ലുമേട് നിന്ന് പുറപ്പെടുന്ന എല്ലാവരും സന്നിധാനത്തേക്കുള്ള വഴിയില് പാണ്ടിത്താവളം ചെക്ക് പോസ്റ്റില് എത്തിയെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഉച്ചക്ക് രണ്ടിന് ശേഷം സത്രത്തില്നിന്ന് സന്നിധാനം യാത്രയ്ക്ക് അനുമതിയുമില്ല. സത്രം മുതലുള്ള പുല്ലുമേട് വനപാതയില് വിവിധ പോയിന്റുകളില് ഔഷധ കുടിവെള്ള വിതരണവും വനം വകുപ്പ് നടത്തുന്നു.

സന്നിധാനത്തും ശരണ പാതകളിലും കാണുന്ന കാട്ടുപന്നികള് പൊതുവേ മനുഷ്യനെ കണ്ടുപരിചയിച്ചവയാണെങ്കിലും ശബരിമല തീര്ഥാടനകാലം അവയുടെ പ്രജനന സമയമാണെന്നത് ശ്രദ്ധിക്കണം. കുഞ്ഞുങ്ങള്ക്ക് അപകടം സംഭവിക്കുന്ന പ്രവൃത്തികള് ഉണ്ടായാല് കാട്ടുപന്നികള് അപകടകാരികളാവും. മാലിന്യങ്ങള് വലിയ തോതില് സന്നിധാനത്ത് അടിഞ്ഞുകൂടാത്തതിനാല് പൊതുവേ പന്നികളുടെ സാന്നിധ്യം കുറഞ്ഞിട്ടുണ്ട്. സന്നിധാനത്ത് പുലിയെ കണ്ടതായി അഭ്യൂഹം ഉണ്ടായിരുന്നെങ്കിലും പരിശോധനയില് കാല്പ്പാടുകള് കണ്ടെത്താത്തതിനാല് ഇക്കാര്യം സ്ഥിരീകരിച്ചിട്ടില്ലെന്നും വനംവകുപ്പ് അറിയിച്ചു.

**(പി.ആർ. ശബരി–141)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| ഡിസംബർ | |
|---|---|
| DECEMBER 08 | 2019 |



**ശബരിമല പത്രക്കുറിപ്പ്-2**

ഫോൺ : 04735-202664

*ww.sabarimal.kerala..gov.in, prdsabarimala2020@gmail.com*

---

# സന്നിധാനം ആയുര്വേദ ആശുപത്രിയില് ദിവസേനയെത്തുന്നത് ആയിരത്തിലേറെ തീര്ഥാടകര്

സന്നിധാനത്തും പമ്പയിലും സര്ക്കാര് ആയുര്വേദ ആശുപത്രികളില് ചികില്സ തേടിയെത്തുന്നത് ആയിരക്കണക്കിന് തീര്ഥാടകര്. ശബരിമല തീര്ഥാടനത്തിനെത്തുന്ന ഭക്തരുടെ ആരോഗ്യരക്ഷയ്ക്കായി വൈവിധ്യമാര്ന്ന ചികില്സകളും മരുന്നുകളുമാണ് ആയുര്വേദ വകുപ്പ് സന്നിധാനത്തെയും പമ്പയിലെയും ആശുപത്രികളില് ഒരുക്കിയിരിക്കുന്നത്. 15 പേരടങ്ങുന്ന ചികില്സാ കേന്ദ്രമാണ് സന്നിധാനത്ത് പ്രവര്ത്തിക്കുന്നത്. ഒരു ചാര്ജ് മെഡിക്കല് ഓഫീസര് ഉള്പ്പടെ അഞ്ച് ഡോക്ടര്മാരും രണ്ട് തെറാപ്പിസ്റ്റുകളും മൂന്ന് ഫാര്മസിസ്റ്റുകളും മറ്റ് സ്റ്റാഫുകളുമുണ്ട്. ഗുളിക, അരിഷ്ടം, കഷായം, ബാം, ചൂര്ണ്ണം, തൈലം തുടങ്ങിയവ ഇവിടെ ലഭ്യമാണ്. ശരാശരി 1200പേര് വരെ പ്രതിദിനം ആയുര്വേദ ചികില്സയ്ക്ക് എത്തുന്നുണ്ടെന്ന് ചാര്ജ് മെഡിക്കല് ഓഫീസര് ഡോ. ഹരികുമാര് പറഞ്ഞു. പനി, ജലദോഷം, കഫക്കെട്ട്, നടുവേദന, തൊണ്ടവേദന, പേശിവേദന, തോള്വേദന, വായുകോപം, എരിച്ചില്, ദഹനക്കേട് തുടങ്ങിയ അസുഖങ്ങള്ക്കാണ് ചികില്സയ്ക്ക് എത്തുന്നത്. മസാജ്, പഞ്ചകര്മ്മ ചികില്സ, ഉഴിച്ചില്, ഇന്ഫ്രാറെഡ് തെറാപ്പി, മരുന്ന് ഉപയോഗിച്ചുള്ള ആവിചികില്സ, മര്മ്മചികില്സ, നേത്രചികില്സ തുടങ്ങിയവ ലഭ്യമാണ്. മരുന്ന് ആവശ്യത്തിനെത്തിയിട്ടുണ്ടെന്ന് മെഡിക്കല് ഓഫീസര് പറഞ്ഞു. ജീവനക്കാരും ഡോക്ടര്മാരും ഉണ്ട്. മലകയറി എത്തുമ്പോഴുണ്ടാകുന്ന

പേശിവേദന, നടുവേദന എന്നിവ 15-30 മിനിറ്റ് നേരത്തെ മസാജിലൂടെ ഭേദപ്പെടുത്താന് കഴിയുമെന്ന് ഡോക്ടര് വ്യക്തമാക്കി. 24 മണിക്കൂറും ആയുര്വേദ ചികില്സ സന്നിധാനത്ത് ലഭ്യമാണ്.

(പി.ആര്. ശബരി-142)

# സുഗമമായ മലകയറ്റത്തിന് ആയുര്വേദചര്യകള്

സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകള് കൃത്യമായി കഴിക്കുക. തീര്ഥാടനത്തിന് തയ്യാറെടുക്കുമ്പോള് തന്നെ നടന്ന് വ്യായാമം ചെയ്യുന്നത് ശീലമാക്കണം. പമ്പയിലെത്തിയശേഷം അനായാസം മലകയറാം അല്പ്പം ശ്രദ്ധിച്ചാല്. ആയുര്വേദചര്യപ്രകാരം ചില കാര്യങ്ങള് ശ്രദ്ധിച്ചാല് കയറ്റത്തിലും ഇറക്കത്തിലും ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകള് കുറയ്ക്കാം. വയറുനിറച്ച് ഭക്ഷണം കഴിച്ചിട്ട് മലകയറരുത്. എപ്പോഴും പാതി വയര് ഒഴിച്ചിട്ടിരിക്കണം. വിശപ്പ് തോന്നുമ്പോള് അല്പ്പം ഭക്ഷണം കഴിക്കുക.

ദാഹമകറ്റാന് വയര് നിറയെ വെള്ളം കുടിച്ചശേഷം മലകയറരുത്. വയര്നിറയെ ഭക്ഷണമോ വെള്ളമോ ആയി മലകയറിയാല് കൊളുത്തിപ്പിടുത്തം ഉണ്ടായേക്കാം. ഒറ്റ ശ്രമത്തില് ദീര്ഘനേരം നടക്കുന്നതിനുപകരം ഇടയ്ക്ക് ഇടയ്ക്ക് മതിയായ രീതിയില് വിശ്രമിക്കുക. പേശിവേദന ഉണ്ടാകാന് സാധ്യതയുള്ളവര് അല്പ്പം മുറിവെണ്ണ തേച്ചശേഷം നടക്കാന് തുടങ്ങുക. വറുത്തതും പൊരിച്ചതുമായ ഭക്ഷണം ഒഴിവാക്കുക. ശരിയായ ദഹനത്തിന് സഹായകമായ ലഘുഭക്ഷണം കഴിക്കുക.

(പി.ആര്. ശബരി-143)

# ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ പരിശോധനയില് 27,000 രൂപ പിഴയീടാക്കി

സന്നിധാനത്ത് ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള സംഘം ക്രമക്കേടുകള്ക്ക് തടയിടാനായി നടത്തിയ പരിശോധനയില് 27,000 രൂപ പിഴയീടാക്കി. ഉപയോഗ ശൂന്യമായതും വ്യക്തമായി നിര്മ്മാണ തീയതി രേഖപ്പെടുത്താത്തതുമായ ഭക്ഷയ്വസ്തുക്കള് സ്ക്വാഡുകള് കണ്ടെത്തി നശിപ്പിച്ച് ഹോട്ടലുകള്ക്കെതിരെ നടപടി സ്വീകരിച്ചു. എക്സൈസ് വകുപ്പിന്റെ പരിശോധനയില് പുകയില ഉല്പ്പന്നങ്ങള് കണ്ടെത്തി നശിപ്പിച്ചു. തിരിച്ചറിയല് കാര്ഡില്ലാതെ ജോലി നോക്കുന്ന കരാര് തൊഴിലാളികള്ക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചു.

(പി.ആര്. ശബരി-144)

# സന്നിധാനത്ത് രണ്ട് വിഷപ്പാമ്പുകളെ പിടികൂടി

സന്നിധാനത്ത് വനംവകുപ്പിന്റെ സംഘം നടത്തിയ പരിശോധനയില് രണ്ട് വിഷപ്പാമ്പുകളെ പിടികൂടി കാട്ടിലേക്ക് വിട്ടു. പാണ്ടിത്താവളത്തും ഭസ്മക്കുളത്തിന് സമീപത്തുമാണ് മൂര്ഖന്, കൊമ്പേരി എന്നീ പാമ്പുകളെ പിടിച്ചത്. ഈ തീര്ഥാടന കാലത്ത് ഇതുവരെ നൂറോളം പാമ്പുകളെ പിടികൂടി.

(പി.ആര്. ശബരി-145)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.